## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1796 17.06.2013 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

| ഉത്തരം | | ചോദ്യം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിനായുള്ള മൂന്നാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | മൂന്നാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | മൂന്നാം ഘട്ടത്തിൽ എത്ര ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ; | (ബി) | 783 ഏക്കർ ഭൂമിയാണ് മൂന്നാം ഘട്ടത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് |
| (സി) | മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കലിന് വിജ്ഞാപനം പുറപ്പെടുവിച്ചത് എപ്പോഴാണ് ; | (സി) | 22.08.2007 നും 29.07.2010 നും. |
| (ഡി) | മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിലനിർണ്ണയത്തിൽ അപാകതയുള്ളതായ ഭൂവുടമകളുടെ പരാതികൾ പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചത് ; | (ഡി) | ജില്ലാതല വില നിർണ്ണയ സമിതി നിശ്ചയിച്ച വില അംഗീകരിച്ച്കൊണ്ട് ഭൂഉടമകളെല്ലാം സമ്മതപത്രം നല്കിയിട്ടുണ്ട്. |
| (ഇ) | ഏറ്റെടുത്ത ഭൂമിയിൽ, ഭൂമിയുടെ അവാർഡിനു ശേഷം എത്ര എൽ.എ.ആർ. കേസ്സുകളാണ് നിലവിലുള്ളത് ; | (ഇ) | ഏകദേശം 270 ഓളം കേസുകളിൽ നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത കേസ്സുകൾ തീർപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എഫ്) | നോട്ടീസ് ലഭിച്ച കേസുകളിലെല്ലാം തന്നെ ആക്ഷേപ പത്രിക ബന്ധപ്പെട്ട വക്കീൽ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളാൻ കിൻഫ്രയുടെ ഭാഗത്തു നിന്നും രണ്ട് അഡ്വക്കേറ്റുമാരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 93 എൽ.എ.ആർ കേസ്സുകൾ ഇതിനകം കോടതി തീർപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ കൂടാതെ, റൺവേ നിർമ്മാണത്തിന് അധികഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (ജി) | ഇല്ല. |
| (എച്ച്) | എങ്കിൽ അതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ? | (എച്ച്) | റൺവേ നിർമ്മാണത്തിന് അധിക ഭൂമി ആവശ്യമുണ്ടോ എന്ന കാര്യം കൺസൽട്ടന്റിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ കണക്കാക്കാനാകൂ. |

സെക്ഷൻ ഓഫീസർ